# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4968 — 30/06/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

### <u>സർക്കാർ ജീവനക്കാർക്ക് പെർഫോമെൻസ് മോണിറ്ററിംഗ് സിസ്റ്റം</u>

| <u>ചോദ്യം</u> : | <u>ഉത്തരം</u> : |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാർക്ക് പെർഫോമെൻസ് മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സർക്കാർ ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. |
| (ബി) ഓരോ വകുപ്പിലെയും ജീവനക്കാരുടെ പെർഫോമെൻസ് മോണിട്ടർ ചെയ്യുന്നതിനായി ഒരു വകുപ്പുതല സമിതിയെ ചുമതലയേൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെർഫോമെൻസ് അസ്സസ് ചെയ്യുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി) വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന, ഉയർന്ന തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി/റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി പ്രൊമോഷൻ നൽകുന്നത്. |
| (ഡി) ഓരോ ജീവനക്കാരനും പെർഫോമെൻസ് ടാർജറ്റ് നിശ്ചയിച്ചു നൽകുകയും അത് അച്ചീവ് ചെയ്തു എന്നുറപ്പു വരുത്തുകയും ചെയ്യാൻ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ? | (ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**